# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6119**

**07.11.2016 - ൽ മറുപടിക്ക്**

## നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം

**ചോദ്യം**
**ശ്രീ.ആന്റണി ജോൺ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | **എ)** നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ഫാമിലെ വിവിധ വിളകൾക്കും പച്ചക്കറി കൃഷിക്കും ആവശ്യമായ ട്രൈക്കോഡർമ, വാം, ജീവാമൃതം, പഞ്ചഗവ്യം എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റ് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു.<br>പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് പ്രോജക്റ്റുമായി ബന്ധപ്പെട്ട് കർഷകർക്കുള്ള പരിശീലന പരിപാടി ഉൾപ്പെടെ, ജൈവ ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, ബയോഫാർമസി, ഇക്കോഷോപ്പ് എന്നിവ ഉൾപ്പെടുന്ന 5 ലക്ഷം രൂപയുടെ പ്രോജക്ട് ഈ വർഷം നടപ്പിലാക്കുന്നതാണ്.<br>2016-17 വർഷത്തിൽ ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയുടെ പദ്ധതികൾ ജില്ലാ പഞ്ചായത്തിന്റെ പരിഗണനയിലാണ്.<br>ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 10.5 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളുടെ പദ്ധതി ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| **ബി)** ഏക്കർ കണക്കിന് ഭൂമി കൃഷിത്തോട്ടത്തിൽ തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **ബി)** നേര്യമംഗലം ഫാമിലെ കാർഷിക പ്രവർത്തനങ്ങൾക്കായി 79.4 ഹെക്ടർ സ്ഥലമാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 11.3 ഹെക്ടർ സ്ഥലം പാരിസ്ഥിതിക പ്രാധാന്യമുള്ള വന ഭൂമിയും 9.4 ഹെക്ടർ സ്ഥലത്ത് മറ്റു കെട്ടിടങ്ങളും ഫാം റോഡുകളുമാണ്. ബാക്കി വരുന്ന 58.7 ഹെക്ടർ സ്ഥലമാണ് ഫാമിൽ കൃഷി യോഗ്യമായുള്ളത്. ആയതിൽ തെങ്ങ്, കമുക്, കൊക്കോ, കശുമാവ്, കുരുമുളക്, കുടംപുളി, സപ്പോട്ട, നാരകം ഉടങ്ങിയ |

ദീർഘകാല വിളകൾക്കായി 46.3 ഹെക്ടർ സ്ഥലം വിനിയോഗിക്കുന്നു. ബാക്കി സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി, ഫലവൃക്ഷങ്ങളുടെ മാതൃവൃക്ഷതോട്ടങ്ങൾ, തെങ്ങിൻതൈ നഴ്സറി, ഹൈടെക് പോളിഹൗസ് എന്നിവയ്ക്കായി ഉപയോഗിച്ച് വരുന്നു. ഭൂമി കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നത് പരിശോധിക്കുന്നതാണ്.

**സി)** ജില്ലാ കൃഷിത്തോട്ടത്തിൽ മതിയായ ജീവനക്കാരെയും തൊഴിലാളികളെയും നിയമിച്ച് കൂടുതൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമോ;

**ഡി)** എങ്കിൽ ആയതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**സി) & ഡി)** നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നിലവിൽ ഫാം സൂപ്രണ്ട് 1(ഒന്ന്), കൃഷി ഓഫീസർ 2(രണ്ട്), കൃഷി അസിസ്റ്റന്റ് 3(മൂന്ന്), ഡ്രൈവർ 1(ഒന്ന്), വാച്ച്മാൻ 3(മൂന്ന്), ക്ലാർക്ക് 1(ഒന്ന്) എന്ന രീതിയിൽ ജീവനക്കാരുണ്ട്. അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഒരു ഹെഡ് ക്ലാർക്കിന്റെയും രണ്ട് ക്ലാർക്കിന്റെയും തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്. കൂടാതെ 94 സ്ഥിരം തൊഴിലാളികളുടെയും ഒഴിവ് നികത്താനുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് നേര്യമംഗലം ജില്ലാ ഫാമിൽ ദിവസ വേതന തൊഴിലാളികളെയാണ് നിയോഗിക്കാൻ സാധിക്കുന്നത്. ഇതനുസരിച്ച് നിലവിൽ 297 ദിവസവേതന തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ട്. ഇവരെ റോട്ടേഷൻ അനുസരിച്ച് നിയോഗിച്ച് ഫാമിലെ സമയബന്ധിതമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**